ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി1/7942/2010/സിഇ/തസ്വഭവ

തീയതി: 10.08.2014

## സർക്കുലർ

വിഷയം:- തസ്വഭവ - സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 13.08.2014 ന് കൂടിയ യോഗത്തിന്റെ അജണ്ട.

തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കാത്തതുമൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടും ഇ-ടെണ്ടർ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടായിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ മറ്റു ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഇ-ടെണ്ടർ ചെയ്യുന്നതിന് ടി ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തണമെന്ന് അഭിപ്രായം കോർഡിനേഷൻ കമ്മിറ്റിയിൽ ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യം പരിഗണിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമായിട്ടില്ലാത്ത എഞ്ചിനീയർമാർ അടിയന്തിരമായി ആയത് ലഭ്യമാക്കി ഇ-ടെണ്ടറിംഗ് സംവിധാനത്തിലേക്ക് മാറേണ്ടതാണ്. അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ടി വിവരം ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും താഴെ പറയുന്ന വിവരങ്ങൾ അടിയന്തിരമായി 25.08.2014 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

1) എത്ര ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ജില്ലയിൽ ആവശ്യമുണ്ട്.
2) എത്ര പേർ ഇതിനോടൊകം ലഭ്യമാക്കി
3) എത്ര പേർ ഡിജിറ്റൽ സിഗ്നേച്ചറിന് അപേക്ഷിച്ചിട്ടുണ്ട്
4) എത്ര പേർ ഇതുവരെയും അപേക്ഷിച്ചിട്ടില്ല, കാരണം.

(ഒപ്പ്)

ചീഫ് എൻജിനീയർ